സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്ക്

26 (4354) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

2015 ജൂലൈ 23 മുതൽ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും അനിശ്ചിതകാല പണിമുടക്ക് നടത്തുന്നതിന് ഇടയാക്കിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

ശമ്പള പരിഷ്കരണം ഉടൻ നടപ്പിലാക്കുക തുടങ്ങി ഒൻപതോളം ആവശ്യങ്ങളാണ് അനിശ്ചിതകാല പണിമുടക്കിന് ആധാരമായി സംഘടനകൾ ഉന്നയിച്ചിരിക്കുന്നത്. 13-7-2015-ന് ശമ്പള കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്.

സർക്കാർ ഉദ്യോഗസ്ഥരുടെ സർവ്വീസ് ചട്ടങ്ങളുടെ പരിഷ്കരണം

27 (4355) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ സർവ്വീസ് ചട്ടങ്ങൾ പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം സർവ്വീസ് ചട്ടങ്ങളാണ് പരിഷ്കരണത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) ജനങ്ങൾക്ക് വേണ്ടിയുള്ള വിവിധ തരത്തിലുള്ള അവകാശ നിയമങ്ങൾ കൂടി സർവ്വീസ് ചട്ടങ്ങളുടെ പരിഷ്കരണത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭരണപരമായ സൗകര്യവും പൊതുതാൽപര്യവും മുൻനിർത്തി സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് കാലാകാലങ്ങളിൽ പരിഷ്കരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly